# നീര: അബ്കാരി ആക്ടിൽ ഭേദഗതി വേണ്ടിവരും

കൊച്ചി: നാളികേര മേഖല ഇന്നു അനുഭവിക്കുന്ന വിലയിടിവിനും രാജ്യത്തെ തൊഴിൽ പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ നീരയിലൂടെ സാധിക്കുമെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ ജോസ് അഭിപ്രായപ്പെട്ടു. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ നീരയെ ആസ്പദമാക്കി കൊച്ചി രാമവർമ്മ ക്ലബ്ബിൽ സംഘടിപ്പിച്ച സിമ്പോസിയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ നീര യാഥാർത്ഥ്യമാകണമെങ്കിൽ 1967 ലെ അബ്കാരി ആക്ടിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണം. മദ്യാംശം തീരെയില്ലാത്ത നീരയെയും കള്ളിന്റെ പരിധിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരകൃഷിയുള്ള 94 രാജ്യങ്ങളിൽ 93 രാജ്യങ്ങളും നീരയെ മദ്യത്തിൽ നിന്നൊഴിവാക്കി, നീരയും നീരയധിഷ്ഠിത ഉത്പന്നങ്ങളും നിർമ്മിച്ച് വിദേശ നാണ്യം നേടുമ്പോൾ നാം അതു ഉപയോഗിക്കുവാൻ സാധിക്കാതെ അനന്തമായ ചർച്ചകൾ നടത്തുകയാണ് അദ്ദേഹം കൂട്ടിച്ചേർത്തു.

നീരയും നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും നികുതി രഹിതമായി ഇറക്കുമതി ചെയ്യാനും വിപണനം നടത്താനും കേരളത്തിലെ ഏത് വ്യാപാരിക്കും 2014 ഏപ്രിൽ മുതൽ സാദ്ധ്യമാകും. ഈ സാഹചര്യത്തിൽ ഏപ്രിൽ 2014 ന് മുമ്പായി നീരയും നീരയധിഷ്ഠിത ഉത്പന്നങ്ങളും ഉത്പാദിപ്പിച്ച് വിപണനം ചെയ്യേണ്ടിയിരിക്കുന്നു അല്ലാത്തപക്ഷം കേരകർഷകർ വീണ്ടും പരാജിതരാകുന്ന സ്ഥിതിവിശേഷം ഉണ്ടാകും. കേരളത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് തിരിച്ചടിയുണ്ടാകും. കേരകർഷകരുടെ പ്രതീക്ഷകളെ ഇല്ലാതാക്കും.

എന്നാൽ നീര ചെത്തുവാൻ കർഷകസംഘങ്ങൾക്ക് അനുമതി നൽകിയാൽ രാജ്യത്തിന് വൻസാമ്പത്തിക നേട്ടമുണ്ടാക്കുവാൻ സാധിക്കും. 18 കോടി തെങ്ങുകളുള്ള കേരളത്തിൽ അതിന്റെ ഒരു ശതമാനം മാത്രം തെങ്ങുകൾ 300 ദിവസം ചെത്തിയാൽ 5400 കോടി രൂപയുടെ വരുമാനമാണ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഉണ്ടാകുക.

111 വർഷങ്ങൾക്കു മുൻപുണ്ടാക്കിയ അബ്കാരി ആക്ട് 1967ൽ കാര്യമായ മാറ്റങ്ങൾ വരുത്തണം. നീരയെ പൂർണ്ണമായും മദ്യത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കുകയും, കള്ളിനെ സോഫ്റ്റ് ലിക്വറായി പ്രഖ്യാപിക്കുകയും വേണം, ടി.കെ.ജോസ് കൂട്ടിചേർത്തു.

നാളികേര ഉത്പാദനത്തിലും ഉത്പാദനക്ഷമതയതിലും ഒന്നാം സ്ഥാനമുള്ള ഇന്ത്യൻ കേരകൃഷി, സംസ്കരണ രംഗത്ത് 22-ാം സ്ഥാനത്താണ്. ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും മറ്റു രാജ്യങ്ങളിൽ ഉണ്ടാക്കുന്ന എല്ലാത്തരം നാളികേര ഉത്പന്നങ്ങൾ നിർമിച്ചും ആഭ്യന്തര രാജ്യാന്തര വിപണികൾ കേരമേഖല കൈയ്യടക്കണമെന്നും അതിനു എല്ലാവിധ സഹായങ്ങളും നാളികേര വികസന ബോർഡ് നൽകുമെന്നും അദ്ദേഹം അറിയിച്ചു.

നീരയുടെ സാങ്കേതിക വിദ്യയെക്കുറിച്ചു കേരള കാർഷിക സർവ്വകലശാല ഉദ്യോഗസ്ഥൻ വി കെ രാജുവും നീരയുടെ വിപണന സാധ്യതകളെക്കുറിച്ചു നാളികേര വികസന ബോർഡ് മാർക്കറ്റിംഗ് ഓഫീസർ ദീപ്തി എസ് നായരും കെ.എസ്.സെബാസ്റ്റ്യനും സംസാരിച്ചു.

നീരയുടെ വിപണനം സംബന്ധിച്ച ആശങ്കകൾ പരിഹരിക്കേണ്ടതുണ്ടെന്ന് കർഷക സംഘം പ്രതിനിധി ഗോപി കോട്ടമുറിക്കൽ പറഞ്ഞു. തൊഴിലാളി സംഘടനകളുടെ ആശങ്കകൾ പരിഹരിക്കേണ്ടതാണെന്നും കിസാൻ സഭ പ്രതിനിധി അഡ്വ. ചിത്രഭാനു അഭിപ്രായപ്പെട്ടു. ബഹുരാഷ്ട്ര കുത്തകൾക്ക് അവസരം നൽകാതെ തനതു ബ്രാന്റിൽ വേണം നീര വിപണനം ചെയ്യേണ്ടതെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

നീര യാഥാർത്ഥ്യമാകേണ്ടതാണെന്നും നീരയുടെ ദുരപയോഗം ഉണ്ടാകുമെന്ന ആശങ്ക അസ്ഥാനത്താണെന്ന് സ്വതന്ത്ര കർഷക സംഘം പ്രതിനിധി അഹമ്മദ് ബാവ അഭിപ്രായപ്പെട്ടു.

ചെത്തു തൊഴിൽ രംഗത്തും കാലോചിതമായ മാറ്റങ്ങൾ വരുത്തണം. കേരളത്തിൽ പെട്ടികടകളിൽ പോലും എഫ്.എസ്.എസ്.എ നിമയം നടപ്പിലാക്കിയ നാടാണ് കേരളം (ഫുഡ് സേഫ്ടി ആൻഡ് സ്റ്റാൻഡേർഡ് ആക്ട്). അത് നടപ്പിലാക്കാത്ത ഏക മേഖലയാണ് കേരളത്തിലെ കള്ളു വ്യവസായം. അതിനാൽ കള്ളു വ്യവസായത്തിലും കാലോചിതമായ മാറ്റങ്ങൾ വരുത്തണം. നീര കേര മേഖലയ്ക്ക് അനിവാര്യമായ ഉത്പന്നമാണ്. നീര നീരയായിട്ടും, കള്ള് കള്ളായിട്ടും വിൽക്കുവാൻ സാധിക്കണമെന്ന് കർഷക സംഘം പ്രതിനിധി ബാബുജോസഫ് അഭിപ്രായപ്പെട്ടു.

ഇവരെ കൂടാതെ ആദ്യത്തെ രജിസ്റ്റേർഡ് ഉത്പാദക കമ്പനിയായ തേജസ്വനിയുടെ ഡയറക്ടർ ബോർഡിലെ 15 അംഗങ്ങളും വിവിധ ജില്ലകളിലെ 150 ൽപരം സിപിഎസ് സിപിഎഫ് (നാളികേര ഉത്പാദക സംഘം) പ്രതിനിധികളും പൊതു ചർച്ചയിൽ പങ്കെടുത്തു.

മുഖ്യ നാളികേര വികസന ഓഫീസർ സുഗതഘോഷ് സ്വാഗതവും ഡെപ്യൂട്ടി ഡയറക്ടർ ഡോ.രമണിഗോപാലകൃഷ്ണൻ നന്ദിയും പറഞ്ഞു. നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ കെ മുരളീധരൻ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പ്രിയേഷ് കുമാർ, പ്രോസ്സസിംഗ് എൻജിനീയർ ശ്രീകുമാർ പൊതുവാൾ, പബ്ലിസിറ്റി ഓഫീസർ മിനിമാത്യു എന്നിവരും സിമ്പോസിയത്തിൽ പങ്കെടുത്തു.